പത്രാധിപർ: കെ. ദാമോദരൻ

# നവയുഗം

പുസ്തകം 9 | 1959 ജൂൺ 20 ( 1134 മിഥുനം 6 ) ശനിയാഴ്ച | ലക്കം 3

## വിവേകത്തിന്റെ വഴി

കത്തോലിക്കാപ്പള്ളിയുടെ നേതൃത്വത്തിൽ 'വിമോചനസമര'മെന്ന വിളിക്കപ്പെടുന്ന സായുധസംഘട്ടനങ്ങളാരംഭിച്ചിട്ട് രണ്ടു ദിവസമായപ്പോഴേയ്ക്കും അക്രമപ്രവർത്തനങ്ങളെ നേരിടാൻവേണ്ടി പോലീസിന് മൂന്നു സ്ഥലങ്ങളിൽ വെടിവെയ്ക്കേണ്ടിവന്നുവെന്ന വർത്തമാനത്തെ മനുഷ്യജീവിതത്തിനു വിലകല്പിക്കുന്ന ആർക്കും തന്നെ ഉൽക്കണ്ഠയോടുകൂടിയല്ലാതെ വീക്ഷിക്കാൻ കഴിയില്ല. ജൂൺ 13-ാംനു- ന്യായമായി അറസ്റ്റ്ചെയ്യപ്പെട്ട ഒരു കുററക്കാരനെ മോചിപ്പിക്കാനെന്ന പേരിൽ വടികളും കത്തികളും മററു മാരകായുധങ്ങളും ധരിച്ച ആയിരത്തോളമാളുകൾ, തുടർച്ചയായി മുഴങ്ങിക്കൊണ്ടിരുന്ന പള്ളിമണിയുടെ അകമ്പടിയോടുകൂടി, അങ്കമാലി പോലീസ്സ്റ്റേഷൻ ആക്രമിക്കുകയും പോലീസ്സുകാർക്ക് പരിക്കേല്പിക്കുകയും ചെയ്തതിനെത്തുടർന്നുണ്ടായ വെടിവെപ്പിൽ ആറുപേർ മരണമടഞ്ഞു. ജൂൺ 15-ാം തിയ്യതി നെയ്യാററിൻകര പുല്ലുവിളയിൽ സെയിൻറ് സ്കൂളിന്റെ സംരക്ഷണത്തിനെത്തിയ പോലീസ്പാർട്ടിയെ വളയുകയും കല്ലെറിയുകയും ചെയ്തതിനെത്തുടർന്നുണ്ടായ വെടിവെപ്പിൽ രണ്ടു പേരും തിരുവനന്തപുരത്തിനടുത്തുള്ള വെട്ടുകാട്ടുപള്ളിക്കു സമീപംവെച്ച് മറെറാരു പോലീസ്പാർട്ടി ആക്രമിക്കപ്പെട്ടതിനെത്തുടർന്നുണ്ടായ വെടിവെപ്പിൽ മൂന്നു പേരും ഇരയായിത്തീർന്നിരിക്കുന്നു.

വെടിയേററു മരിച്ചവരെക്കുറിച്ചുള്ള ഞങ്ങളുടെ ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം കൂടുതൽ ജീവനാശങ്ങൾക്കിടവരുത്താതെ ഇനിയെങ്കിലും തങ്ങളുടെ ഗുണ്ടാപടികളും അക്രമാസക്തങ്ങളുമായ അട്ടിമറിപ്രവർത്തനങ്ങളിൽനിന്ന് വിരമിക്കണമെന്ന് 'വിമോചനസമര'ക്കാരോട് ഞങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വെടികൊണ്ട് ഇരയായവർ നിരപരാധികളായ പാവങ്ങളാണ്. പോലീസ് വെടിവെയ്ക്കയില്ലെന്നും പോലീസുകാർ വിമോചനസമരക്കാരുടെ മിത്രങ്ങളാണെന്നും സായുധപരിശീലനം നേടിയ വളണ്ടിയർമാരുടെ എണ്ണം പോലീസുകാരുടേതിനേക്കാൾ കൂടുതലായതുകൊണ്ട് സർക്കാരിനെ നിഷ്പ്രയാസം കീഴടക്കാൻ കഴിയുമെന്നും കത്തോലിക്കാപ്പള്ളിയുടെയും കമ്മ്യൂണിസ്റ്റുകാർ പിടിച്ചടക്കിക്കഴിഞ്ഞുവെന്നും പള്ളിയും മതവും അപകടത്തിലായിരിക്കുന്നുവെന്നും സമരത്തിനിറങ്ങാത്തവർ ക്രിസ്ത്യാനികളല്ലെന്നും മററുമുള്ള നുണകൾ പ്രചരിപ്പിച്ചും മതവികാരങ്ങളാളിക്കത്തിച്ചും മരിച്ചാൽ സ്വർഗ്ഗം കിട്ടുമെന്നും മററുമുള്ള പ്രലോഭനങ്ങൾ നൽകിയും കൂട്ടമണികളടിച്ചും നിരപരാധികളായ ഈ പാവങ്ങളെ വെടിയുണ്ടയുടെ വായിലേയ്ക്ക് ഉന്തിത്തള്ളപ്പെടുകയാണുണ്ടായത് എന്ന യാഥാർത്ഥ്യത്തെ ആർക്കും നിഷേധിക്കാൻ സാധിക്കില്ല. ഏതാനും ആഴ്ചകളായി 'ദീപിക' 'മലബാർമെയിൽ' തുടങ്ങിയ പത്രങ്ങൾ എഴുതിക്കൊണ്ടിരുന്ന മുഖപ്രസംഗങ്ങൾ വായിച്ചാൽതന്നെ ഇതു ബോദ്ധ്യമാവും.

സമരം അക്രമരഹിതവും ജനാധിപത്യപരവുമായിരിക്കണമെന്നും സാമുദായികവാദികളുടെ പ്രക്ഷോഭങ്ങളിൽ കോൺഗ്രസ്സിനു യാതൊരു പങ്കുമില്ലെന്നും പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വം സാമുദായികവാദികളുമായി പരസ്യമായിത്തന്നെ കൂട്ടുകൂടിക്കൊണ്ടാണ് അക്രമാസക്തങ്ങളും ജനാധിപത്യവിരുദ്ധങ്ങളുമായ തങ്ങളുടെ പ്രത്യക്ഷസമരപരിപാടികൾ ആരംഭിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ സജീവമായ പിന്തുണയുണ്ടായിരുന്നില്ലെങ്കിൽ കത്തോലിക്കാ കോൺഗ്രസ്സോ മന്നത്തു പത്മനാഭനോ ഇത്തരം അക്രമപ്രവർത്തനങ്ങൾക്കൊരുങ്ങു

മായിത്തീരുമോ എന്ന സംശയമാണ്. നാട്ടിലാകെ അക്രമങ്ങളും അരാജകത്വങ്ങളും അഴിച്ചുവിട്ട് ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളൊക്കെ സ്തംഭിപ്പിയ്ക്കാൻ കഴിയുമെന്നും ആ ശ്രമം വിജയിച്ചാൽ കേന്ദ്രം ഇടപെട്ട് നിയമവിധേയമായും ജനാധിപത്യപരമായും രൂപവൽക്കരിയ്ക്കപ്പെട്ട കമ്യൂണിസ്റ്റ് ഗവണ്മെന്റിനെ പിരിച്ചുവിടുമെന്നുമാണ് കെ. പി. സി. സി. നേതാക്കന്മാർ കണക്കുകൂട്ടിയിട്ടുള്ളത്. ചില അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കന്മാരുടെ കമ്യൂണിസ്റ്റ് വിരോധപ്രസംഗങ്ങൾ ഈ കണക്കുകൂട്ടലിന് സഹായകരമായിത്തീരുകയും ചെയ്തു.

അഖിലേന്ത്യാ കോൺഗ്രസ്സ് നേതൃത്വത്തിന്റെ അനുഗ്രഹത്തോടും അനുമതിയോടും കൂടിയാണ് തങ്ങൾ സമരം തുടങ്ങിയതെന്നും, തങ്ങളുടെ ഓരോ നടപടിയ്ക്കും കോൺഗ്രസ്സ് നേതൃത്വത്തിന്റെ സമ്മതം ലഭിച്ചിട്ടുണ്ടെന്നും കെ. പി. സി. സി. നേതാവ് ശങ്കർ പ്രസ്താവിയ്ക്കുകയുണ്ടായി. "കേരളത്തിലെ പ്രത്യേകപരിതസ്ഥിതിയിൽ വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗിയ്ക്കാമെന്ന് ഊട്ടിയിൽ വെച്ച് ശ്രീ. ധേബാർ അനുമതി തന്നിട്ടുണ്ട്" എന്ന് ശ്രീ. പി. ടി. ചാക്കോ കോൺഗ്രസ്സ് പ്രസിഡണ്ടിന്നയച്ച ഒരു കമ്പിസന്ദേശത്തിൽ പ്രസ്താവിച്ചതായിക്കാണുന്നു. കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീമതി ഇന്ദിരാഗാന്ധി ഇതു നിഷേധിയ്ക്കുകയും കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ അനുമതി കൂടാതെയാണ് കെ. പി. സി. സി. കേരളത്തിൽ പ്രത്യക്ഷസമരം തുടങ്ങിയിരിയ്ക്കുന്നത് എന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ഇതിലേതാണ് ശരി എന്ന് പരിശോധിയ്ക്കാൻ ഞങ്ങളൊരുങ്ങുന്നില്ല. പക്ഷെ, ഒരു കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. അഖിലേന്ത്യാ കോൺഗ്രസ്സ് നേതൃത്വത്തിന്ന് കേരളത്തിലിന്ന് നടന്നുകൊണ്ടിരിയ്ക്കുന്ന അക്രമപ്രവർത്തനങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് പൂർണ്ണമായി ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. പ്രധാനമന്ത്രി നെഹ്റുവിന്നും മററു കോൺഗ്രസ്സ് നേതാക്കന്മാർക്കും വേണമെന്നുണ്ടെങ്കിൽ ഒരൊററ ദിവസംകൊണ്ട് കേരളത്തിൽ സമാധാനപരമായ അന്തരീക്ഷം പുനസ്ഥാപിയ്ക്കാൻ കഴിയും.

ഇതു മാത്രമാണ് വിവേകത്തിന്റെ വഴി.

# ഇതൊന്നു കേൾക്ക

(ശ്രീധരൻ, ഇയ്യങ്കോട്)

കുരുക്കളിടുന്ന
ദർശനം, നെടുവീർപ്പിൻ
കാലടിയൊച്ചയാലും
പിന്തുടർന്നാലുമെന്ന,
ലോലമാമെൻ മാനസം
ധാർമ്മികരോഷത്തിന്റെ-
ജ്വാലയിലെരിപൊരി-
ക്കൊള്ളുന്നു കഷ്ടം! കഷ്ടം!
എത്രയോ നൂററാണ്ടുകൾ
താണ്ടിയ സംസ്കാരത്തിൻ
ഇളംവായുവിൽ വിരി-
വാണു നാം കലർന്നുന്നോ?
കേരളം!—അഭിമാന-
ദ്യോതകമായിട്ടുമ-
പ്പേരിന്നു മുമ്പിൽ ചളി
വാരി നാമെറിയുന്നോ?
ശങ്കരൻ പിറന്നയി-
മണ്ണിലെ വിദ്യാഭ്യാസ
സങ്കേതമെല്ലാം നമ്മ-
ളടക്കാൻ ശ്രമിക്കുന്നോ?
പാടില്ല! കേൾക്കു! പ്രിയ-
നാട്ടാരെ! വിദ്യാഭ്യാസം
പിടികിട്ടുക്കാരായി
മാറുവാൻ ശ്രമിക്കല്ലേ!

.... .... ....

കാമ്പിലിയൊഴുകിയ
സംസ്കാരചരിത്രത്തിൻ
ചേരമാൻ തമ്പാക്ക-
ളാരവം കുറിച്ചുപോരും
ഈ മലനാട്ടിൻ തല-
ലാരോമലുള്ളിച്ചയാൽ
മാമാങ്കമാടിപ്പോയി
നമ്മുടെ മുത്തച്ഛന്മാർ!
ഇന്നു നാം സമരമാം
കഞ്ചനം മലയാള-
ഭൂഷിതമാക്കി, ജന-
ജീവിതം തളിർത്തുപോയ്

പിന്നെയും കുഞ്ചനെഴു-
കതിച്ചു സംസ്കാരത്തിൻ
പൊൽക്കൂടി തെളിച്ചതി-
ലൂടെ നാം വളർന്നല്ലോ.
ശ്രവിച്ചു നമ്മൾ ശ്രീ നാ-
രായണനൽഘോഷിച്ച
വിശ്വ സ്നേഹത്തിന്റെ
പാവനവേദാന്തങ്ങൾ
നാനാശില്പങ്ങൾക്കും
പാവനസ്നേഹത്തിന്നും
നാമന്നോ വിലയേറെ
കല്പിച്ചു പൂജിക്കുന്നു.
കേരളമന്നു, യാത്ര-
നാട്ടുകാരുടെ കണ്ണിൽ
ധീരതം സുന്ദരം
വശ്യം നാടാണല്ലോ
നാമിതു തിരുത്തല്ലേ
മാനവസ്നേഹത്തിന്റെ-
ഇടക്കു പാനം ചെയ്യാൻ
സമയം കളയല്ലേ!
ക്രൂരമാം വർഗ്ഗീയത്തിൻ
വിഷപ്പുകയാലി-
കേരളാംബതൻ കണ്ണി-
ലിന്നശ്രു പൊടിയുന്നു
ഞാനൊന്നു ചോദിക്കട്ടെ!
പെററമ്മയെ കര-
യിച്ചിട്ടോ സംസ്കാരമോ
നമ്മുടെ സംസ്കാരങ്ങൾ!

.... .... ....

കുരുക്കളിടുന്ന
ദർശനം, നെടുവീർപ്പിൻ
കാലടിയൊച്ചയാലും
പിന്തുടർന്നാലുമെന്ന
ലോലമാമെൻ മാനസം
ധാർമ്മികരോഷത്തിന്റെ
ജ്വാലയിലെരിപൊരി-
ക്കൊള്ളുന്നു! പരിതാപം!!

അതുകൊണ്ട് ഇനിയെങ്കിലും വൈകാതെ തന്നെ കേരളഗവർമ്മെണ്ടിനെ അട്ടിമറിയ്ക്കാനുള്ള ജനാധിപത്യവിരുദ്ധവും അക്രമപരവുമായ പ്രത്യക്ഷസമരപരിപാടികളിൽനിന്ന് പിന്തിരിയാൻ കോൺഗ്രസ്സ് ഹൈക്കമാണ്ട് കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തോടാവശ്യപ്പെടണമെന്ന് ഞങ്ങളഭ്യർത്ഥിയ്ക്കുന്നു.

17-6-'59.

—കെ. ദാമോദരൻ.